# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 15.09.2025**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി പശ്ചിമബംഗാളിൽ ഇന്ന് സംയുക്ത സൈനിക കമാൻഡർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യും.
2. പതിനഞ്ചാം നിയമസഭയുടെ പതിന്നാലാമത് സമ്മേളനത്തിന് തുടക്കമായി. അന്തരിച്ച നേതാക്കൾക്ക് ആദരാഞ്ജലി അർപ്പിച്ച ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു.
3. പട്ടികജാതി -പട്ടികവർഗ വികസന വകുപ്പിന്റെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വിതരണം ചെയ്യും.
4. അഞ്ച് വർഷമായി ഇസ്ലാം മതം അനുഷ്ഠിക്കുന്ന വ്യക്തിക്ക് മാത്രമേ വഖഫ് സമർപ്പണത്തിന് സാധിക്കൂ എന്നതുൾപ്പെടെയുള്ള വഖഫ് ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ഭാഗികമായി സ്റ്റേ ചെയ്ത് സുപ്രീം കോടതി.
5. എഞ്ചിനീയറിംഗ് മികവ്, ഇന്ത്യയുടെ സാങ്കേതിക ദശകത്തെ നയിക്കുന്നു എന്ന പ്രമേയത്തിലൂന്നി രാജ്യം ഇന്ന് എഞ്ചിനിയേഴ്സ് ദിനം ആഘോഷിക്കുന്നു.
6. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഒമാൻ - യു എ ഇ പോരാട്ടം.

*******************************

RNU TVPM

## പ്രധാനമന്ത്രി - കൊൽക്കത്ത

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പശ്ചിമബംഗാളിലെ കൊൽക്കത്തയിൽ സംയുക്ത സൈനിക കമാൻഡർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിലെ ഇന്ത്യൻ ആർമിയുടെ ഈസ്റ്റേൺ കമാൻഡ് ആസ്ഥാനമായ വിജയ് ദുർഗിൽ നടക്കുന്ന മൂന്നു ദിവസത്തെ കോൺഫറൻസിൽ സാങ്കേതിക പുരോഗതി, സായുധ സേനയുടെ മൂന്ന് ശാഖകൾക്കിടയിലുള്ള ഏകോപനം, ആധുനികവൽക്കരണം, എന്നിവ ചർച്ച ചെയ്യും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും പങ്കെടുക്കും. ബിഹാറിലെ പൂർണിയ ജില്ലയിൽ 36,000 കോടി രൂപയുടെ നിരവധി വികസന പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.

*****************************

## നിയമസഭ (ഇൻട്രോ)

പതിനഞ്ചാം നിയമസഭയുടെ പതിന്നാലാമതു സമ്മേളനത്തിനു തുടക്കമായി. സമ്മേളനത്തിന്റെ ആദ്യ ദിനമായ ഇന്ന് മുൻ മുഖ്യമന്ത്രി വി.എസ്.അച്ചുതാനന്ദൻ, മുൻ സ്പീക്കർ പി. പി. തങ്കച്ചൻ, നിയമസഭാംഗം വാഴൂർ സോമൻ എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ചു. സ്പീക്കർ അനുശോചന പ്രസംഗം നടത്തി.

(വോയിസ് സ്പീക്കർ)

അന്തരിച്ച നേതാക്കൾക്ക് ആദരാഞ്ജലി അർപ്പിച്ച ശേഷം സഭ ഇന്നത്തേക്കു പിരിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

RNU TVPM

******************************

## ഉന്നതി -സ്കോളർഷിപ്

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെ 2025 -26 വർഷത്തെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു വിതരണം ചെയ്യും. ആയിരം വിദ്യാർഥികൾക്ക് വിദേശ പഠനം സാധ്യമാക്കിയതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രിമാരായ ഒ.ആർ.കേളു, വി.ശിവൻകുട്ടി എന്നിവർ പങ്കെടുക്കും.

******************************

## സുപ്രീം കോടതി-വഖഫ്

2025-ലെ വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ ഭാഗികമായി സ്റ്റേ ചെയ്തു സുപ്രീം കോടതി. അഞ്ച് വർഷമായി ഇസ്ലാം മതം അനുഷ്ഠിക്കുന്ന വ്യക്തിക്ക് മാത്രമേ വഖഫ് സമർപ്പണത്തിന് സാധിക്കൂ എന്നതുൾപ്പെടെയുള്ള വ്യവസ്ഥയാണ് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയും ജസ്റ്റിസ് എ.ജി.മാസിഹും ഉൾപ്പെട്ട ബെഞ്ച് സ്റ്റേ ചെയ്തത്. സംസ്ഥാന സർക്കാരുകൾ ഈ വ്യവസ്ഥ നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിയമങ്ങൾ രൂപീകരിക്കുന്നതുവരെയാണ് സ്റ്റേ. വഖഫ് സ്വത്ത് സർക്കാർ സ്വത്തിൽ കൈയേറിയിട്ടുണ്ടോ എന്ന തർക്കത്തിൽ തീരുമാനമെടുക്കാൻ സർക്കാരിന്റെ നിയുക്ത ഉദ്യോഗസ്ഥനെ അനുവദിക്കുന്ന വ്യവസ്ഥയും സ്റ്റേ ചെയ്തു.

RNU TVPM

******************************

## പച്ചത്തുരുത്തു പുരസ്കാരങ്ങൾ

സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരങ്ങൾ ഇന്ന് പ്രഖ്യാപിക്കും. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ മികച്ചവയെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പൂർത്തിയായതായി

ഹരിതകേരള മിഷൻ ഉപാധ്യക്ഷ ടി.എൻ.സീമ അറിയിച്ചു. പുരസ്കാരങ്ങൾ നാളെ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉത്ഘാടനം ചെയ്യും.

*****************************

## എക്സലൻഷ്യ

ദേശീയതലത്തിൽ മികവു തെളിയിച്ച കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുമോദിക്കുന്ന എക്സലൻഷ്യ 2025 പരിപാടി ഇന്നും നാളെയുമായി തിരുവനന്തപുരത്ത് നടക്കും . പരിപാടി ഇന്ന് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും . 145 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് 'മിനിസ്റ്റേഴ്സ് അവാർഡ് ഫോർ എക്സലൻസ്' നൽകി അനുമോദിക്കുക.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

RNU TVPM

*****************************

## എഞ്ചിനീയേഴ്സ് ദിനം

എം വിശ്വേശ്വരയ്യയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് രാജ്യം ഇന്ന് എഞ്ചിനീയേഴ്സ് ദിനം ആചരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും എം. വിശ്വേശ്വരയ്യയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്യത്തിന്റെ എഞ്ചിനീയറിംഗ് മേഖലയിൽ ശ്രീ വിശ്വേശ്വരയ്യയുടെ പ്രതിഭ മായാത്ത മുദ്ര പതിപ്പിച്ചുവെന്ന് സമൂഹമാധ്യമ പോസ്റ്റിലൂടെ പ്രധാനമന്ത്രി പറഞ്ഞു. *എഞ്ചിനീയറിംഗ് മികവ്, ഇന്ത്യയുടെ*

*സാങ്കേതിക ദശകത്തെ നയിക്കുന്നു* എന്നതാണ് ഈ വർഷത്തെ പ്രമേയം.

*****************************

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും ലക്ഷ്യംവച്ചുള്ള പരിശ്രമമാണ് കഴിഞ്ഞ 11 വർഷമായി നടത്തിവരുന്നതെന്ന് കേന്ദ്ര സർക്കാർ. ഈ പരിശ്രമങ്ങളുടെ ഭാഗമായി രാജ്യം മികച്ച പുരോഗതിയാണ് കൈവരിച്ചത്. സ്വച്ഛ് ഭാരത് പദ്ധതിയിലൂടെ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിലുണ്ടായ മാറ്റങ്ങളാണ് ഇന്നത്തെ സേവാ പർവിലൂടെ വിശദമാക്കുന്നത്.

(ഹോൾഡ്) (മ്യൂസിക്)

11 വർഷം മുമ്പ് ആരംഭിച്ച സ്വച്ഛ് ഭാരത് പദ്ധതിയിലൂടെ ശുചിത്വ മേഖലയിൽ പുതിയ വിപ്ലവമാണ് കേന്ദ്രസർക്കാർ സൃഷ്ടിച്ചത്. പദ്ധതിയിലൂടെ രാജ്യത്തുടനീളം 12 കോടിയിലധികം വീടുകളിൽ ശൗചാലയം ഉറപ്പാക്കി. വെളിയിട വിസർജനം പൂർണമായി നിർത്തലാക്കാനും ഇതിലൂടെ സാധിച്ചു. 2026 ഓടെ മാലിന്യമുക്ത നഗരങ്ങൾ വികസിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

(പി.എം- വോയ്സ്)

*****************************

## മനുഷ്യ-വന്യജീവി സംഘർഷം

സംസ്ഥാന വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയ്ക്ക് നാളെ തുടക്കമാകും. 45 ദിവസത്തെ തീവ്രയജ്ഞ പരിപാടിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. നാളെ മുതൽ ഈ മാസം 30

RNU TVPM

വരെയാണ് ഒന്നാം ഘട്ടം. ഒന്നാം ഘട്ടത്തിൽ മലയോര മേഖലയിലെ എല്ലാ പഞ്ചായത്തുകളിലും റെയിഞ്ച് ഓഫീസുകളിലും വനം വകുപ്പിന്റെ ഹെൽപ് ഡെസ്കുകൾ തുറക്കും. ഒക്ടോബർ 1 മുതൽ 15 വരെ രണ്ടാം ഘട്ടവും. ഒക്ടോബർ 16 മുതലാണ് മൂന്നാം ഘട്ടം.

*****************************

## ജിഎസ്ടി പരിഷ്കാരങ്ങൾ

ആരോഗ്യ മേഖലയിൽ നികുതി ഇളവുകൾ നടപ്പാക്കിയതിലൂടെ ആരോഗ്യ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്താൻ സാധിക്കുമെന്ന് കേന്ദ്ര സർക്കാർ. ആയുർവേദം, യുനാനി, ഹോമിയോപ്പതി എന്നിവയുമായി ബന്ധപ്പെട്ട വിവിധ മരുന്നുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. കൂടാതെ, മെഡിക്കൽ, ഡെന്റൽ, വെറ്ററിനറി ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളുടെ പുതിയ ജിഎസ്ടി നിരക്കുകൾ നേരത്തെയുള്ള 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചിട്ടുണ്ട്.

RNU TVPM

*****************************

## പടയണി (ഇൻട്രോ )

ആലപ്പുഴയിൽ കാവാലം നീലംപേരൂർ പടയണി ചടങ്ങുകൾ പുരോഗമിക്കുന്നു. പാരമ്പര്യത്തിന്റെ തനിമ കൈവിടാതെയുള്ള നീലംപേരൂർ ഗ്രാമത്തിന്റെ പടയണി ദൃശ്യങ്ങൾ പകർത്താൻ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ചടങ്ങുകൾ 21 ന് സമാപിക്കും. **ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയാറാക്കിയ റിപ്പോർട്ട് ..**

(വോയ്സ്)

*****************************

## ആദായ നികുതി

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*****************************

## ആദായനികുതി-വ്യാജ വാർത്ത

ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് ആദായ നികുതി വകുപ്പ്. റിട്ടേണുകൾ സംബന്ധിച്ച ഔദ്യോഗിക പേജുകളിൽ വരുന്ന വിവരങ്ങളെ മാത്രം ആശ്രയിക്കാനും വകുപ്പ് നിർദേശിച്ചു.

*****************************

RNU TVPM

## ഏഷ്യ കപ്പ്

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ.വൈകിട്ട് 5 .30 തുടങ്ങുന്ന മത്സരത്തിൽ ഒമാൻ ,യു എ ഇ യെ നേരിടും.രാത്രി എട്ടുമണിക്ക് ആരംഭിക്കുന്ന മറ്റൊരു മത്സരത്തിൽ ശ്രീലങ്കയും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും.

*****************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 5 പോയിന്റ് താഴ്ന്നു 81,892 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 18 പോയിന്റ് നഷ്ടത്തിൽ 25,097 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. സ്വർണം പവന് 80 രൂപ കുറഞ്ഞ് 81,440 രൂപയും, ഗ്രാമിന് 10 രൂപ താഴ്ന്ന് 10,180 രൂപയുമാണ് ഇന്നത്തെ വില.

***************************** 

## തെലങ്കാന സർവ്വേ സംഘം

തെലങ്കാനയിലെ നാഷണൽ സർവ്വേ റവന്യൂ ഉദ്യോഗസ്ഥരും ഇൻഫോമാറ്റിക്സ് സെന്റര് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന സംഘം രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്തു എത്തും. കേരളത്തിൽ നടപ്പാക്കിവരുന്ന രാജ്യത്തെ ആദ്യ സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ എന്റെ ഭൂമി സംയോജിത പോർട്ടലിനെ കുറിച്ച് പഠിക്കുന്നതിനായാണ് സംഘം എത്തുന്നത്.

************************************************************************************
****************

RNU TVPM